# Vice President addresses the first plenary Session of the 13th ASEM Summit

November 25, 2021

## 13 മത് ASEM ഉച്ചകോടിയിലെ ആദ്യ പ്ലീനറി സെഷനിൽ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്തു.

നവംബർ 25, 2021

**ഐക്യരാഷ്ട്ര സഭ സുരക്ഷ കൌൺസിലിന്റെയും മറ്റു പ്രധാന അന്താരാഷ്ട്ര സ്ഥാപനങ്ങളുടെയും നവീകരണത്തിനായി ഉപരാഷ്ട്രപതി ആഹ്വാനം ചെയ്തു.**

**പരമ്പരാഗത കാലത്തെ വെല്ലുവിളികളെ നേരിടാൻ രൂപകൽപ്പന ചെയ്ത സംവിധാനങ്ങൾ കൊണ്ട് സമകാലിക ലോകത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാനാവില്ലെന്ന് അദ്ദേഹമ അഭിപ്രായപ്പെട്ടു.**

**സമാധാനമില്ലായ്മ, വികസനത്തെ ബാധിക്കുന്നു, വികസനത്തിന്റെ അഭാവം അക്രമത്തിനും അസ്ഥിരതയ്ക്കും വളക്കൂറുള്ള മണ്ണ് സൃഷ്ടിക്കുന്നു - ഉപരഷ്ട്രപതി**

**ഇന്ത്യ പിന്തുടരുന്ന ഒരു പ്രധാന ചാലക തത്വമാണ് പരിഷ്കരിച്ച ബഹുരാഷ്ട്രവാദം എന്നത് - ഉപരാഷ്ട്രപതി**

**13 മത് ASEM ഉച്ചകോടിയുടെ പ്ലീനറി സമ്മേളനത്തെ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്തു**

യുഎൻ സുരക്ഷാ കൗൺസിലിലും മറ്റ് പ്രധാന അന്താരാഷ്ട്ര സംഘടനകളിലും നിലവിലെ സമകാലിക യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന തരത്തിലും ആധുനികമായ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാകുന്ന തരത്തിലും പരിഷ്കാരിക്കേണ്ടത് ആവശ്യമാണെന്ന് ഉപരാഷ്ട്രപതി ശ്രീ എം. വെങ്കയ്യ നായിഡു ഇന്ന് അധിപ്രയപ്പെട്ടു.

ലോകം ഇന്ന് ദ്രുതഗതിയിലുള്ള സാമ്പത്തിക, സാങ്കേതിക, സുരക്ഷാ വെല്ലുവിളികൾക്ക് സാക്ഷ്യം വഹിക്കുകയും അവയോട് പോരാടുകയും ചെയ്യുന്നു. നിലവിലെ ബഹുരാഷ്ട്ര സംവിധാനം ഈ വെല്ലുവിളികളോട് ഫലപ്രദമായ പ്രതികരണം നൽകുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു, ഇന്ന്

ന്യൂഡൽഹിയിൽ നടന്ന 13 മത് ASEM ഉച്ചകോടിയുടെ ആദ്യ പ്ലീനറി സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു, നിലവിലുള്ള ആഗോള സ്ഥാപന ഘടനകളുടെ ഫലപ്രദമായ പരിഷ്കരണത്തിനായി നവീകരിച്ച ബഹുരാഷ്ട്രവാദം എന്നതാണ് ഇന്ത്യ പിന്തുടരുന്ന ഒരു പ്രധാന പ്രേരക തത്വമെന്നും അദ്ദേഹം അടിവരയിട്ടു.

ഇന്ന് ഉദ്ഘാടനം ചെയ്ത ദ്വിദിന ഉച്ചകോടിക്ക് കംബോഡിയയാണ് വെർച്വൽ രീതിയിൽ ആതിഥേയത്വം വഹിച്ചത് , "പങ്കിട്ട വളർച്ചയ്ക്കായി ബഹുരാഷ്ട്രവാദം ശക്തിപ്പെടുത്തുക" എന്ന വിഷയത്തിലാണ് പ്രമേയം. ASEM-13 ലെ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ച ഉപരാഷ്ട്രപതി ശ്രീ എം. വെങ്കയ്യ നായിഡു, നാളെ ഉച്ചകോടിയുടെ റിട്രീറ്റ് സെഷനെയും അഭിസംബോധന ചെയ്യുന്നതാണ്.

സമാധാനമില്ലായ്മ, വികസനത്തെ പ്രതികൂലമായി സ്വാധീനിക്കുന്നുവെന്ന് നിരീക്ഷിച്ച ശ്രീ നായിഡു, വികസനത്തിന്റെ അഭാവവും സ്തംഭിച്ച സാമ്പത്തിക പുരോഗതിയും അക്രമത്തിനും അസ്ഥിരതയ്ക്കും വളക്കൂറുള്ള മണ്ണും സൃഷ്ടിക്കുന്നുവെന്നും അഭിപ്രായപ്പെട്ടു. അതിനാൽ, സാമ്പത്തിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉപജീവനമാർഗങ്ങളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾക്കായി അദ്ദേഹം ആഹ്വാനം ചെയ്യുകയും കോവിഡ് -19 പകർച്ചവ്യാധി പ്രതികൂലമായി ബാധിച്ച രാജ്യങ്ങളുടെ വീണ്ടെടുക്കലിൽ ഇത് വളരെയധികം ഫലപ്രദയിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.ആഗോള തലത്തിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയുടെ കാരണങ്ങൾ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞ ഉപരാഷ്ട്രപതി, ആഗോളതലത്തിൽ സമാധാനവും സുരക്ഷിതത്വവും നിലനിർത്തുന്നതിന് ഉത്തരവാദിത്തപ്പെട്ട അന്താരാഷ്ട്ര ഘടനകളിലേ പരിഷ്കാരങ്ങളുടെ ആവശ്യകതയും എടുത്തുപറഞ്ഞു.

ഇന്നത്തെ ചലനാത്മകവും പരസ്പരാശ്രിതവുമായ ലോകത്തിന്റെ നിരവധി വെല്ലുവിളികളെ നേരിടാൻ മുൻകാലങ്ങളിലെ പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ രൂപകൽപ്പന ചെയ്ത കാലഹരണപ്പെട്ട സംവിധാനങ്ങൾ കൊണ്ട് സാധിക്കില്ലെന്ന് അഭിപ്രായപ്പെട്ട ശ്രീ നായിഡു, അന്താരാഷ്ട്ര സഹകരണം പുനർവിചിന്തനം ചെയ്യേണ്ടതിന്റെയും അതിന്റെ ലക്ഷ്യങ്ങൾ കൂടുതൽ വിപുലീകരിക്കേണ്ടതിന്റെയും അടിയന്തിര ആവശ്യകതയും പ്രകടിപ്പിച്ചു. “ഒരു ഏകോപിതമായ ആഗോള പ്രതികരണത്തിന്റെ അഭാവമാണ് ഇന്നത്തെ നിലയിൽ ബഹുമുഖ വ്യവസ്ഥയുടെ ദുർബലതകളും ബലഹീനതകളും തുറന്നുകാട്ടുന്നത്,” അദ്ദേഹം പറഞ്ഞു.

പകർച്ചവ്യാധിയുടെ സമയം, വിശ്വസനീയമല്ലാത്ത ആഗോള വിതരണ ശൃംഖലകളിൽ നിന്ന് അസമത്വത്തോടെയുള്ള വാക്സിൻ വിതരണത്തിലെ പിഴവുകൾ തുറന്നുകാട്ടിയിരുന്നു. ഇതും ആഗോളതലത്തിലെ ഐക്യദാർഢ്യത്തിന്റെയും ശക്തിയേറിയ ബഹുരാഷ്ട്ര വാദത്തിന്റെയും ആവശ്യകതയെ കൂടുതൽ അടിവരയിട്ടു കാണിക്കുന്നുവെന്നും ഉപരാഷ്ട്രപതി പറഞ്ഞു.പകര്ച്ചവ്യാധിയ്ക്ക് ശേഷം പുനർവിഭാവന ചെയ്ത ലോകം ബഹുമുഖ സംവിധാനങ്ങളിൽ നിന്ന് വ്യത്യസ്തമായ ആവശ്യങ്ങൾ ഉന്നയിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി, കൂടാതെ അന്താരാഷ്ട്ര സാമ്പത്തിക സഹകരണത്തിനുള്ള നാല് സുപ്രധാന മേഖലകളായ, പ്രതിരോധശേഷിയുള്ളതും വിശ്വസനീയവുമായ വിതരണ ശൃംഖല, ആരോഗ്യ സുരക്ഷ, ഡിജിറ്റൽ വികസനം, ഹരിതവും സുസ്ഥിരവുമായ വീണ്ടെടുക്കൽ എന്നിവ അദ്ദേഹം എടുത്തുപറഞ്ഞു.

1996-ൽ സ്ഥാപിതമായ ASEM പ്രക്രിയയുടെ 25 മത് വാർഷികത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങളെയും ഉപരാഷ്ട്രപതി അഭിനന്ദിച്ചു. ആഗോള തലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇരു ഭൂഖണ്ഡങ്ങളിലെയും നേതാക്കളെയും ആളുകളെയും ഒരുമിച്ച് കൊണ്ടുവന്നതിനും അദ്ദേഹം ASEM-നെ പ്രശംസിക്കുകയും സഹകരണ ബഹുമുഖത്വത്തിന്റെ ശക്തികൾ.മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളോട് ഇന്ത്യയുടെ പ്രതിബദ്ധത അദ്ദേഹം ഉറപ്പു നൽകുകയും ചെയ്തു

**ന്യൂ ഡെൽഹി**
**നവംബർ 25, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.